# 2009 - 2010 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരണത്തോടനുബന്ധിച്ച് മേയർ നടത്തുന്ന ആമുഖ പ്രസംഗം

**ബഹുമാന്യരായ നഗരസഭാംഗങ്ങളെ,**

തിരുവനന്തപുരം നഗരസഭയുടെ 2009–2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ 286–ാം വകുപ്പ് പ്രകാരവും ബഡ്ജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി, വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്ന അവസരത്തിൽ മുനിസിപ്പാലിറ്റി നിയമത്തിലെ (ഭേദഗതി) സെക്ഷൻ 287 പ്രകാരമുള്ള ആമുഖ പ്രസംഗമാണ് ബഹുമാനപ്പെട്ട സഭയിൽ ഞാൻ നടത്തുന്നത്.

2008–2009–ൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെ ആത്മാംശം നിലനിർത്തിയും വരുംകാല നഗര താല്പര്യങ്ങൾക്ക് ശാസ്ത്രീയമായ രൂപകല്പന നടത്തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിന്റെ മുഖ്യലക്ഷ്യം. ഒരു നഗരത്തിലെ നിലനിൽപ്പിന്റെയും, വളർച്ചയുടെയും അടിസ്ഥാനഘടകം ശുചിത്വപൂർണ്ണവും, പ്രകൃതി സ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം. വികസന പ്രവർത്തനങ്ങൾക്കും, ക്ഷേമ പ്രവർത്തനങ്ങൾക്കും രൂപം നൽകുമ്പോഴും നഗരസഭയുടെ പ്രാധാന്യവും തനിമയാർന്നതും, സംസ്ഥാനത്തിന് ആകെ മാതൃകയാകുന്ന പദ്ധതികൾക്ക് രൂപം കൊടുക്കുകയെന്ന വെല്ലുവിളി എല്ലായ്പ്പോഴും നമ്മുടെ മുന്നിലുണ്ട്. തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ നൽകിയ പ്രകടന പത്രികയ്ക്ക് ജീവൻ നൽകുവാനും ശക്തിപ്പെടുത്തിമുന്നോട്ട് കൊണ്ട്പോയി നലനിർത്തുവാനും കഴിഞ്ഞകാല പ്രവർത്തനങ്ങളിലൂടെ നമ്മുടെ നഗരസഭയ്ക്ക് കഴിഞ്ഞുവെന്നത് ചരിത്ര യഥാർത്ഥ്യമായി കഴിഞ്ഞിരിക്കുകയാണ്. ഈ ചരിത്ര യഥാർത്ഥ്യത്തിന്റെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച കൗൺസിൽ അംഗങ്ങൾ, ഉദ്യോഗസ്ഥർ, ജനകീയാസൂത്രണ പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടുള്ള പ്രവർത്തകർ തുടങ്ങി ഏവരെയും കൃതജ്ഞതാപുരസരം ഓർമ്മിക്കുവാനും തുടർപ്രവർത്തന മേഖലയിൽ നഗരസഭയുടെ പ്രവർത്തനങ്ങളിൽ സഹയാത്രികരും, സഹായികളുമായും അവരുണ്ടാകുമെന്ന് പ്രതീക്ഷ ഞങ്ങൾ നിങ്ങളിൽ ഒരിക്കൽ കൂടി ചേർത്തുവയ്ക്കുന്നു.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറി കിട്ടിയ സ്ഥാപനങ്ങളിലൂടെ നൽകുന്ന സേവനത്തിന്റെ നിലവാരം നിശ്ചയിക്കുവാനും വേണ്ടുന്ന പ്രവർത്തനങ്ങൾക്കായിരിക്കും ഈ ബഡ്ജറ്റ് ഊന്നൽ നൽകുക. വിദ്യാഭ്യാസം, ആരോഗ്യം, പൊതുജനാരോഗ്യം എന്നീ മേഖലകളിൽ നിന്നും പൗരൻ അർഹിക്കുന്ന നിലവാരത്തിലുള്ള സേവനം പ്രധാനം ചെയ്യുന്നതായിരിക്കും.

ചരിത്രത്തിൽ മാറാതെ നിൽക്കുന്നത് ഒന്നും ഇല്ലാ. എല്ലാം മാറ്റത്തിന് വിധേയമാണ്. സേവന മേഖലകളിൽ ഈ ചരിത്ര സത്യം ഇപ്പോഴും പൂർണ്ണമായി പ്രതിഫലിക്കുന്നില്ലാ. പതിറ്റാണ്ടുകൾ പഴക്കമുള്ള സേവന പ്രധാന സംമ്പ്രദായങ്ങളും, ഉപകരണങ്ങളുമാണ് ഇപ്പോഴും നഗരസഭയിൽ ഉപയോഗിക്കുന്നത്. ഇ–ഗവേൺസിന്റെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തി നഗരവാസിയ്ക്ക് കാര്യക്ഷമവും, വേഗത യുമാർന്ന സേവനം നൽകുന്നതായിരിക്കും ഈ ബഡ്ജറ്റ് വിഭാവന ചെയ്യുന്നത്. നഗരസഭ നൽകുന്ന സേവനങ്ങളുടെ വിശദവും, സാങ്കേതികതികവുമാർന്ന "ഡാറ്റാ ഷീറ്റ് ടച്ച് എ സ്ക്രീൻ" സംവിധാനങ്ങൾ ഭാവിയിൽ ലഭ്യമാക്കും. ഓഫീസ് പ്രവർത്തനം ഈ തലത്തിലേയ്ക്ക് മാറ്റുവാൻ പൊതുജന പങ്കാളിത്തമുള്ള ഓഫീസ് തല കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്.

വ്യക്തിയുടെ ദിനചര്യയിൽ പ്രഭാത ഭക്ഷണത്തിനുള്ള പ്രാധാന്യം ഇന്ന് ആരോഗ്യരംഗം അംഗീകരിച്ചു കഴിഞ്ഞു. പ്രത്യേകിച്ചും കുട്ടികളുടെ പ്രഭാത ഭക്ഷണം. തലച്ചോറിന്റെ ഭക്ഷണമെന്നാണ് പ്രഭാത ഭക്ഷണത്തിന്റെ വ്യാഖ്യാനം ഭക്ഷണത്തിന്റെ അപര്യാപ്തത, ഭക്ഷണം കഴിയ്ക്കുന്നതിനുള്ള സമയക്കുറവ് എന്നിവമൂലം പലപ്പോഴും സ്കൂൾകുട്ടികൾ രാവിലെ ഭക്ഷണം ഉപേക്ഷിക്കുന്ന അവസ്ഥയിലാണ്. തലക്കറക്കം, തലവേദന, ക്ഷീണം എന്നിവയുടെ പ്രധാന കാരണമായി മാറുന്ന പ്രഭാത ഭക്ഷണത്തിന്റെ അഭാവം പരിഹരിക്കുവാനുള്ള ശ്രമങ്ങളിൽ നഗരസഭ ഇടപെടുവാൻ ആഗ്രഹിക്കുന്നു.

സർക്കാർ നഗരസഭ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി കഴിയുന്നത്ര നഗരസഭയിലെ എല്ലാ സ്കൂളുകളിലും ഉണർവ് പദ്ധതി ആരംഭിക്കുന്ന താണ്.

സാമൂഹികമായ ഒറ്റപ്പെടലിനും, കുടുംബപരമായ അവഗണനയ്ക്കും വിധേയമാകുന്ന പ്രായമായവർ, മധ്യവയസ്കർ എന്നിവരുടെ എണ്ണം വർദ്ധിച്ചുവരു കയാണ്. അണുകുടുംബ സംവിധാനം വ്യക്തി – കുടുംബ ബന്ധങ്ങളിൽ സംഭവിച്ചിരിക്കുന്ന അകൽച്ച, സാമ്പത്തിക താൽപര്യം – സാമ്പത്തിക പ്രതിസന്ധി

തുടങ്ങി ഒട്ടനവധി കാരണങ്ങളാൽ ഇത്തരത്തിലുള്ള ആളുകൾ കൂടുതലായി വന്നുകൊണ്ടിരിക്കുന്നു. പ്രാദേശിക സർക്കാരെന്ന നിലയ്ക്ക് ഈ സാമൂഹിക പ്രശ്നത്തെ അവഗണിക്കുവാൻ നഗരസഭയ്ക്ക് കഴിയില്ല. സംസ്ഥാന സർക്കാരിന്റെയും ഇതര ഏജൻസികളുടെയും സഹായത്താൽ ഇത്തരത്തിലുള്ള ആളുകളുടെ സംരക്ഷണം ഏറ്റെടുക്കാൻ വേണ്ടുന്ന "പരിപാലനം" എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

ഇന്ത്യയിലെ 63 ജെ.എൻ.എൻ..യു. ആർ.എം. നഗരങ്ങളിൽ പാരിസ്ഥിതിക ശുചിത്വ സംരംഭങ്ങൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ദേശിയ അവാർഡിൽ രണ്ടാം സ്ഥാനം നമ്മുടെ നഗരസഭയ്ക്കാണ് ലഭിച്ചിട്ടുള്ളത്. അതിൽ അഭിമാനിക്കുന്നതിടോടൊപ്പം ഒന്നാം സ്ഥാനത്തേയ്ക്ക് എത്തുവാനുള്ള നൂതന പദ്ധതികൾ നമുക്ക് നടപ്പാക്കേണ്ടതുണ്ട്. ഡെങ്കിപ്പനി, എലിപ്പനി, ഹെപ്പറ്റൈറ്റീസ് ബി തുടങ്ങിയ ആധുനികകാല രോഗങ്ങൾ വരാതെയിരിക്കാനുള്ള മുൻകരുതൽ പ്രവർത്തനങ്ങൾക്കായി ഒരു കർമ്മ സേനയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നു.

കാൽനടയാത്രക്കാരുടെ താൽപ്പര്യങ്ങൾ റോഡുകളിൽ സംരക്ഷിക്കപ്പെടുന്ന രീതി നിർബന്ധപൂർവ്വം ഉണ്ടാവേണ്ടതാണ്. ഇതിന് ഉതകുന്ന പദ്ധതികൾ ബഡ്ജറ്റിലൂടെ നടപ്പിലാക്കും.

കഴിഞ്ഞകാല ചരിത്രത്തിന്റെ ശേഷിപ്പുകൾ സംരക്ഷിക്കുവാനുള്ള ചുമതല നഗരസഭയ്ക്കുണ്ട്. പോയകാല ചരിത്രം ഓർമ്മപ്പെടുത്തുന്ന വാസഗൃഹങ്ങൾക്കും, കെട്ടിടങ്ങൾക്കും സംരക്ഷണവും, നികുതി ഇളവും നൽകുന്നതാണ്.

തിരുവനന്തപുരം നഗരസഭ സ്ഥാപിതമായിട്ട് 2010 –ൽ 70 വർഷം തികയുകയാണ്. ഇത് സമുചിതമായി ആഘോഷിക്കുന്നതിനുവേണ്ടി വിജ്ഞാനത്തിന്റെയും വികസനത്തിന്റെയും, വിനോദത്തിന്റെയും ഒരു വർഷകാലം നീണ്ട് നിൽക്കുന്ന പരിപാടി രൂപീകരിക്കേണ്ടതുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നമ്മുടെ മുഖ്യവിഷയങ്ങളി ലൊന്നാണ്. നഗര ജീവിതത്തിന്റെ പുഴുകുത്തുകളായി കരുതിപോന്ന ചേരി പ്രദേശ ങ്ങളിൽ മാറ്റത്തിന്റെ മുഖം ഉണ്ടാവുകയാണ്. ആധുനിക നഗരജീവിതത്തിന്റെ എല്ലാതലങ്ങളും അവർക്ക് പങ്കുവയ്ക്കുവാൻ കഴിയുന്ന തരത്തിലേയ്ക്ക് മാറുകയാണ്. ചേരി നിർമ്മാർജ്ജനത്തിന് കേന്ദ്ര – സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച തുകയോടൊപ്പം തന്നെ നഗരസഭയുടേതായ തുകയും ചെലവഴിക്കുന്നു.

ചേരിനിർമ്മാർജ്ജന പദ്ധതി പൂർണ്ണതയിലെത്തിക്കുവാൻ പ്രതിജ്ഞാബദ്ധമാണ് നഗരസഭ.

നഗരവികസന പ്രവർത്തനങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കുന്ന ജെ.എൻ.എൻ..യു. ആർ.എം, ബി.എസ്.യു.പി പദ്ധതികൾ അനുവദിച്ച കേന്ദ്ര സർക്കാരിനെയും, ഈ പദ്ധതികൾ ലഭിക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ ചെയ്തുതന്ന സംസ്ഥാന സർക്കാരിനെയും കൃതജ്ഞതാപൂർവ്വം ഓർക്കുന്നു.

2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള നഗരസഭാ ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കമ്മിറ്റി അംഗങ്ങൽ, നഗരസഭാ സെക്രട്ടറി ഉൾപ്പെയുള്ള ഉദ്യോഗസ്ഥർമാർ എന്നിവരുടെ സേവനങ്ങൾ ഈ അവസരത്തിൽ പ്രത്യേകമായി ഓർക്കുകയും, നന്ദി അിറയിക്കുകയും ചെയ്യുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുള്ള ഈ ബഡ്ജറ്റ് ബഹു. കൗൺസിലിന് മുമ്പാകെ സമർപ്പിക്കുന്നു. ബഡ്ജറ്റിൻമേൽ വസ്തുനിഷ്ഠവും, ക്രിയാപരവുമായ ചർച്ച ബഹു. കൗൺസിൽ അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ബഡ്ജറ്റിനെ കൂടുതൽ സംമ്പുഷ്ടവും, ജനകീയവുമാക്കുവാൻ ഈ ചർച്ചകളിലൂടെ കഴിയുമെന്നതിനാൽ എല്ലാ അംഗങ്ങളുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം

(ഒപ്പ്)
**സി. ജയൻബാബു**
മേയർ

തിരുവനന്തപുരം
26.02.2009

# 2009-10 വർഷത്തെ ബഡ്ജറ്റ് അവതരണത്തോടനുബന്ധിച്ച് ഡെപ്യൂട്ടി മേയർ നടത്തുന്ന പ്രസംഗം

**ആരാദ്ധ്യനായ മേയർ, മാന്യസഹപ്രവർത്തകരെ, സുഹൃത്തുക്കളെ,**

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭയുടെ മൂന്നാം വർഷത്തെ പുതിയ ബഡ്ജറ്റും സഭയുടെ ഗൗരവപൂർവ്വമായ ചർച്ചക്കും അംഗീകാരത്തിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് വേണ്ടി ഞാൻ സമർപ്പിക്കുന്നു.

തലസ്ഥാന നഗരത്തിന്റെ സർവ്വതോന്മുഖമായ വികസനവും ജനക്ഷേമ പുരോഗമന കാഴ്ചപ്പാടും ലക്ഷ്യം വച്ച്, ദീർഘവീക്ഷണത്തോടെ തയ്യാറാക്കിയതും സംസ്ഥാന കേന്ദ്ര ഗവൺമെന്റുകൾ അംഗീകരിച്ചതുമായ നഗരവികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ആരംഭിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും പതിയ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.. ആസന്നമായ പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപനം ഉടനെ ഉണ്ടാകുമെന്നത് കൊണ്ടാണ് അടിയന്തിരമായി ഈ ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നത്.

ആരാദ്ധ്യനായ മേയർ ശ്രീ. സി ജയൻബാബുവിന്റെ നേതൃത്വത്തിൽ അധികാരത്തിൽ തുടരുന്ന നഗരസഭ മൂന്ന് വർഷം പിന്നിടുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി നഗരവാസികൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പിലാക്കിയതിന്റെ തികഞ്ഞ സംതൃപ്തിയോടും ആത്മവിശ്വാസത്തോടുമാണ് ഈ ബഡ്ജറ്റ് അവതിപ്പിക്കുന്നത്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തലസ്ഥാന നഗരത്തിന്റെ സമഗ്ര വികസനത്തിനും സാമൂഹ്യനീതിയ്ക്കും വേണ്ടിയുള്ള ത്വരിതമായ പ്രവർത്തനങ്ങൾക്കനുസരണമായി കേരള ഗവൺമെന്റ് നടപ്പ് വർഷം അനുവദിച്ച വികസന ഫണ്ട് 42 കോടി രൂപയും, മെയിന്റനൻസ് ഗ്രാന്റ് ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ 20.6 കോടി തനത് ഫണ്ട് 13 കോടി രൂപയും ചേർത്ത് 75 കോടി രൂപ ചെലവഴിച്ച് ജനകീയാസൂത്രണ പദ്ധതികൾ നടന്നുവരുന്നു.. കൂടാതെ 10 കോടി രൂപയുടെ മരാമത്തു പണികൾ പുരോഗമിച്ചു വരുന്നു. നഗരവാസികളുടെ

അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരാവശ്യങ്ങളും നിറവേറ്റുന്നതിന് വേണ്ടിയുള്ള പദ്ധതികളായ കുടിവെള്ളവിതരണം, സഞ്ചാരസൗകര്യം, ഖരമാലിന്യ സംസ്കരണം, ജലമാലിന്യ സംസ്ക്കരണം, പാർപ്പിടം, വെള്ളപ്പൊക്ക നിവാരണം, ചേരിപരിഷ്ക്കരണം, യാത്രാ സൗകര്യവികസനം തുടങ്ങിയ മേഖലകളിൽ 700 കോടി രൂപയുടെ ജെ.എൻ.എൻ..യു..ആർ.എം പദ്ധതികൾ പലതും ആരംഭിച്ചു പുരോഗമിച്ചുവരുന്നു. രണ്ട് വർഷത്തിനുള്ളിൽ നഗരവാസികൾക്കാകെ ഈ സൗകര്യങ്ങൾ അനുഭവേദ്യമാകും.

നഗരസഭ നടപ്പിലാക്കുന്ന വിദ്യാഭ്യാസ–ആരോഗ്യ – കായിക കലാരംഗം, വനിത ശിശുക്ഷേമം, ആധുനിക ജനസേവന കേന്ദ്രങ്ങളുടെ വിപുലീകരണം, പട്ടികജാതി വികസനം, മത്സ്യമേഖലാ പാർപ്പിടപദ്ധിതി എന്നിവ ഏവർക്കും മാതൃകയാക്കാവുന്നതാണ്.

സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമതന്നെ നികുതി നിശ്ചയിക്കുന്ന സുതാര്യമായ രീതിയിലുള്ള നികുതി പരിഷ്കരണം കഴിഞ്ഞ വർഷം നടപ്പിലാക്കാൻ കഴിയാത്തത്കൊണ്ട് ലക്ഷ്യമിട്ട നികുതി വരുമാനം കഴിഞ്ഞ വർഷം നഗരസഭയ്ക്ക് ലഭിച്ചില്ല. ജെ.എൻ.എൻ. യു..ആർ.എം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുടക്കേണ്ട 10% തുക നഗരസഭ കണ്ടെത്തേണ്ടതായിട്ടുണ്ട്, എന്നിരുന്നാലും ബഡ്ജറ്റ് വർഷം നടപ്പിലാക്കുന്ന നികുതി പരിഷ്ക്കരണത്തിൽ പാവപ്പെട്ടവരുടെ 60 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതും റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റപ്പെട്ട് അവശേഷിക്കുന്ന കെട്ടിടങ്ങൾക്കും അനധികൃത കെട്ടിടങ്ങളായി നിശ്ചയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളേയും കെ.എം.ബി.ആർ വ്യവസ്ഥകൾക്ക് വിധേയമായി നികുതി നിർണയിക്കുന്നതുമാണ്. നഗരാതിർത്തിയിൽ പ്രവർത്തിക്കുന്ന എല്ലാ പെട്രോൾ പമ്പുകളിലും, ഹോട്ടലുകളിലും വൃത്തിയുള്ള ടോയിലറ്റ് സൗകര്യങ്ങൽ നിർബന്ധമാണ്. വസ്തുനികുതി, തൊഴിൽ നികുതി, പരസ്യ നികുതി, വിനോദ നികുതി എന്നിവ നഗരസഭയിൽ ഒടുക്കുന്നതിനും കെട്ടിട നിർമ്മാണ അനുമതി, കച്ചവട ലൈസൻസ് വിവിധതരം സർട്ടിഫിക്കറ്റുകൾ എന്നിവ നഗരസഭ മെയിൻ ഓഫീസിൽ നിന്നും നഗരസഭ സോണൽ ആഫീസുകളിലെ ജനസേവന കേന്ദ്രങ്ങളിൽ നിന്നും അനായാസം ലഭിക്കുന്നതിന് കമ്പ്യൂട്ടർ നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തി അഴിമതി രഹിതവും ജനസൗഹൃദ പരാതി പരിഹാര നടപടികൾ സുതാര്യമായി വേഗത്തിൽ തീർപ്പാക്കും.

വിളപ്പിൽശാലയിൽ നഗരസഭ സ്ഥാപിച്ചിട്ടുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് ജനങ്ങൾക്ക് ആരോഗ്യഹാനിവരുന്ന സാഹചര്യം സമ്പൂർണ്ണമായി ഒഴിവാക്കി കുറ്റമറ്റതായി നടത്തുന്നതിനുള്ള 24.5 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അവിടെ ഉല്പാദിപ്പിക്കുന്ന മേന്മയേറിയ ജൈവവളം കുറഞ്ഞവിലയ്ക്ക് കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും നഗരത്തിൽ പച്ചക്കറി കൃഷി, പുഷ്പ കൃഷി, മറ്റ് കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് ജനകീയാസൂത്രണ പദ്ധതയിലൂടെ സഹായം നൽകും.

കേരള സർക്കാരും ട്രിഡയും, ഇൻകെലുമായും സഹകരിച്ചുകൊണ്ട് നഗരത്തിലെ യാത്രാക്കുരുക്ക് ഒഴിവാക്കുന്നതിനും, അപകടവിമുക്തമാക്കുന്നതിനും പാർക്കിംഗ് സൗകര്യങ്ങൾ വിപുലീകരിച്ച് ശാസ്ത്രീയ ട്രാഫിക് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കും. നഗരത്തിലെ പ്രധാന മാർക്കറ്റുകൾ നവീകരിക്കുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ–മാംസ വിപണന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനും, സ്വകാര്യ പങ്കാളിത്തത്തോടെ സിവിക് സെന്റർ, വിശ്രമകേന്ദ്രങ്ങൾ, മേൽപ്പാലങ്ങൾ, അണ്ടർ പാസുകൾ, സ്ട്രീറ്റ് ലൈറ്റിംഗ്, അപകട അത്യാഹിത മൊബൈൽ യൂണിറ്റുകൾ എന്നിവ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കും.

വികസന കാര്യത്തിൽ രാഷ്ട്രീയത്തിന് അതീതമായിട്ടുള്ള ഭരണനേതൃത്വത്തിന്റെ ഇച്ഛാശക്തിയും നഗരവാസികളുടെ അകമഴിഞ്ഞ സഹകരണവും കൂട്ടായ്മയുമാണ് കഴിഞ്ഞ മൂന്ന് വർഷത്തെ നേട്ടങ്ങൾക്ക് അടിസ്ഥാനം.

നഗരത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്ത് പ്രദേശങ്ങളുടെ അടക്കം വികസനക്ഷേമ താൽപര്യങ്ങൾ മുൻ നിർത്തിയുള്ളതും ഈ വർഷം ഏറ്റെടുക്കാനുദ്ദേശിക്കുന്നതുമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## പ്രധാനപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങൾ

1. **ഊർജ്ജിത കൊതുക് നിവാരണ പദ്ധതി – 50,00,000**

   കേന്ദ്ര സംസ്ഥാന ഗവൺമെന്റുമായി സഹകരിച്ച് പകർച്ചവ്യാധികൾ തടയുന്നതിന് കൊതുക് നിവാരണ ശുചീകരണ പദ്ധതി നടപ്പിലാക്കും.

2. **പാലിയേറ്റീവ് കെയർ പദ്ധതി – 10,00,000**

   നഗരസഭയിലെ അശരണരായ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്നതിന് ഡോക്ടർ അടങ്ങുന്ന സ്ക്വാഡ് ഭവന സന്ദർശനം നടത്തുന്ന പദ്ധതി നടപ്പിലാക്കും.

3. **സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം – 50,00,000**

ദുർബ്ബല കുടുംബത്തിൽപ്പെട്ട സർക്കാർ പ്രൈമറി സ്കൂൾ കുട്ടികൾക്ക് (തീരദേശത്തെ എയിഡഡ് സ്കൂൾ അടക്കം) പ്രഭാത ഭക്ഷണം നല്കുന്ന പദ്ധതി നടപ്പിലാക്കും.

4. **ദുർബ്ബല വിദ്യാർത്ഥികൾക്ക് പഠന സഹായം – 20,00,000**

നിർദ്ധന (പട്ടികജാതിയടക്കം) വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും മറ്റും വാങ്ങുന്നതിന് അദ്ധ്യായന വർഷാരംഭത്തിൽ 500 രൂപ വീതം പഠന സഹായം നൽകുന്നു.

5. **നഗരത്തിലെ 20 കുളങ്ങൾ ശുചീകരിക്കും – 1,00,00,000**

നഗര പ്രദേശത്തെ 20 കുളങ്ങൾ ശുചീകരിച്ച് മീൻ വളർത്തുന്നതിനും ചുറ്റും പ്രഭാത സഞ്ചാരത്തിന് വേണ്ടി സൗന്ദര്യവല്ക്കരിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കും.

6. **കരമന കിള്ളിയാറുകൾ ശുചീകരിക്കും – 50,00,000**

കേരള ഗവൺമെന്റുമായി സഹകരിച്ച് കരമന കിള്ളിയാറുകൾ ശുചീകരിക്കുന്ന തിനും തീരങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനുമുള്ള പദ്ധതി നടപ്പാക്കും.

7 **രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ ഭക്ഷണം – 50,00,000**

നഗരാതിർത്തിയിൽ പ്രവർത്തിക്കുന്ന പേരൂർക്കട, തൈക്കാട്, ഫോർട്ട്, ജനറൽ ഹോസ്പിറ്റലുകളിലെ ദുർബ്ബലരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ ഭക്ഷണം നല്കുന്നതിന് സ്പോൺസർമാരുമായി സഹകരിച്ച് പ്രാവർത്തികമാക്കും.

8 **മൊബൈൽ ക്ലിനിക് – 15,00,000**

നഗരത്തിലെ ചേരി പ്രദേശങ്ങളിൽ ആരോഗ്യ പരിശോധനയ്ക്കും ചികിത്സാ നിർണ്ണയത്തിനും സഞ്ചരിക്കുന്ന ക്ലിനിക്കുകൾ സർക്കാർ സഹായത്തോടെ നടപ്പാക്കും.

9 **അത്യാഹിത അപകട സുരക്ഷ യൂണിറ്റ് – 15,00,000**

നഗരത്തിൽ അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര പ്രഥമശുശ്രൂഷ നല്കാനും ആശുപത്രിയിലെത്തിക്കാനും സഞ്ചരിക്കുന്ന യൂണിറ്റ് സംവിധാനം ഏർപ്പെടുത്തും.

10. **ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി – 50,00,00,000**

നഗരത്തിൽ സ്വന്തമായി ഭൂമിയുള്ളവർക്കും ഭൂരഹിതരുമായ ദുർബ്ബല കുടുംബങ്ങൾക്കും 100000 രൂപ മുടക്കി വീട് വച്ച് കൊടുക്കും. (തീര പ്രദേശവാർഡുകളിലെ 5000 പേർക്ക് പുറമെ)

11. **മേൽപ്പാലങ്ങൾ – 1,00,00,000**

നഗരത്തിലെ ജനത്തിരക്കേറിയ മെഡിക്കൽ കോളേജ് ജംഗ്ഷൻ, സ്റ്റാച്ചൂ ജംഗ്ഷൻ, കോട്ടൺഹിൽ ജംഗ്ഷൻ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ എന്നിവിടങ്ങളിൽ മേൽപ്പാലം / അടിപ്പാത നിർമ്മിക്കും.

12. **നഗരറോഡുകളിൽ ഓട നിർമ്മാണം – 1,00,00,000**

നഗരസഭയുടെ നിയന്ത്രണത്തിലുള്ള റോഡുകളിൽ വെള്ളം ഒഴുകി പോകുന്നതിന് ആവശ്യമായ ഓടകൾ നിർമ്മിക്കുന്നതിനും തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുമുള്ള പദ്ധതി.

13. **സർക്കാർ സ്കൂൾ കെട്ടിടങ്ങൾ – 4,00,00,000**

നഗരസഭാ മേഖലയിലുള്ള കുളത്തൂർ എച്ച്.എസ്.എസ് ചാല ബോയിസ് എച്ച്.എസ്, വാഴമുട്ടം എച്ച്.എസ്, പേരൂർക്കട യു.പി.എസ് കെട്ടിടങ്ങൾ പണിയും, ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കും.

14. **ജഗതി സിവിക്സ് സെൻ്റർ – 1,00,00,000**

പബ്ളിക്, പ്രൈവറ്റ് സംയുക്ത സംരംഭമായി നിർദ്ദിഷ്ട സിവിക് സെൻ്ററിൻ്റെ ഒന്നാം ഘട്ടം പണി ആരംഭിക്കും.

15. **അങ്കണവാടികൾക്ക് പുതിയ കെട്ടിടം – 1,00,00,000**

സ്വന്തമായി സ്ഥലമുള്ള 20 അങ്കണവാടികൾക്ക് പുതിയ കെട്ടിടം പണിതു നല്കും. സ്വന്തം സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് നടപടി സ്വീകരിക്കും.

16. **വിദ്യാഭ്യാസ ധനസഹായം – 8,00,000**

തലസ്ഥാന നഗരം ശുചിത്വ നഗരം പദ്ധതി പ്രവർത്തകരായ ക്ലീൻവെൽ കുടുംബശ്രീ അംഗത്തിൻ്റെ മക്കൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ 1000 രൂപ വിദ്യാഭ്യാസ ധനസഹായം നൽകും.

17. **നഗരസഭാ പദ്ധതികൾക്ക് ഭൂമി – 12,00,00,000**

ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിക്ക് ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനും വിളപ്പിൽശാല വിപുലീകരണം, റോഡുകൾക്ക് സ്വിവറേജ് പമ്പിംഗ് സ്റ്റേഷൻ – പൈപ്പ് ലൈൻ, കമ്മ്യൂണിറ്റി ഹാൾ, മാർക്കറ്റ് പാർക്കിംഗ്, കുട്ടികളുടെ പാർക്ക്, അങ്കണവാടി കംഫർട്ട് സ്റ്റേഷൻ എന്നിവ സ്ഥാപിക്കാനുള്ള ഭൂമി ഏറ്റെടുക്കും.

18. **കഴക്കൂട്ടം കോവളം ബൈപാസ് സ്ട്രീറ്റ് ലൈറ്റിംഗ് – 10,00,00,000**

സംയുക്ത സംരംഭമായി കഴക്കൂട്ടം മുതൽ കോവളം വരെയുള്ള എൻ.എച്ച്. ബൈപാസ് റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കും.

| | | | |
|---|---|---|---|
| 19. | **മഴക്കാലപൂർവ്വ ശുചീകരണം** | – | 5000000 |
| 20. | **വിളപ്പിൽശാല ഫാക്ടറി നവീകരണം** | – | 20000000 |
| 21. | **സ്റ്റേഡിയം നിർമ്മാണം** | – | 27500000 |
| 22. | **സ്വിമ്മിംഗ് പൂളുകൾ** | – | 10000000 |
| 23. | **മാർക്കറ്റുകളുടെ നവീകരണം** | – | 15000000 |
| 24. | **പുത്തരിക്കണ്ടം നവീകരണം** | – | 20000000 |
| 25. | **സ്ലാട്ടർ ഹൗസ് നവീകരണം** | – | 5000000 |
| 26. | **അമ്പലത്തറ സ്വീവറേജ് ട്രീറ്റ്മെൻ്റ് പ്ലാൻ്റ്** | – | 800000000 |
| 27. | **ശംഖുമുഖം നഗരചരിത്ര മ്യൂസിയം** | – | 5000000 |
| 28. | **പാർക്കിംഗ് സെൻ്ററുകൾ** | – | 5000000 |
| 29. | **കംഫർട്ട് സ്റ്റേഷനുകൾ** | – | 5000000 |
| 30. | **പ്രവേശന കവാടങ്ങൾ** | – | 2500000 |
| 31. | **കുടിവെള്ള വിതരണ പദ്ധതി** | – | 600000000 |

| | | | |
|---|---|---|---|
| 32. | സ്വീവറേജ് പദ്ധതി | – | 500000000 |
| 33. | ആംബുലൻസ് സർവ്വീസ് വിപുലീകരണം | – | 3000000 |
| 34. | നഗരസഭാ സ്പതതി സ്മാരക മന്ദിരം | – | 10000000 |
| 35. | നഗരസഭാ ജീവനക്കാരുടെ ക്ഷേമം | – | 5000000 |
| 36. | തൊഴിൽസംരംഭങ്ങൾക്ക് ധനസഹായം | – | 5000000 |
| 37. | ചികിത്സാ സഹായ പദ്ധതി | – | 2500000 |
| 38. | എന്റെ വിദ്യാലയം | – | 10000000 |
| 39. | കായിക പരിശീലനം | – | 2000000 |
| 40. | സുരക്ഷാ പദ്ധതി | – | 1000000 |
| 41. | സാന്ത്വനം (യാചക പുനരധിവാസ കേന്ദ്രം) | – | 10000000 |
| 42. | വൃദ്ധസദനം | – | 10000000 |
| 43. | ടൂറിസം വികസനം | – | 10000000 |
| 44. | നഗരസഭാ സ്പോർട്സ് കൗൺസിൽ | – | 5000000 |
| 45. | വെള്ളപ്പൊക്ക നിവാരണ പദ്ധതി (ഒന്നാംഘട്ടം) | – | 200000000 |
| 46. | കലാരംഗം പരിപോഷിപ്പിക്കൽ | – | 1000000 |
| 47. | സ്കൂളുകൾക്ക് ഫർണിച്ചർ | – | 10000000 |
| 48. | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം | – | 1000000 |
| 49. | നേമം – മാങ്കിളക്കരി പാടശേഖര ജലസേചനം | – | 1000000 |

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ സഹായിച്ച ആരാധ്യനായ മേയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിൽ അംഗങ്ങൾ, നഗരസഭാ സെക്രട്ടറി മറ്റ് ഉദ്യോഗസ്ഥർ പ്രത്യേകിച്ച് അക്കൗണ്ടിംഗ് റ്റി.എ അംഗങ്ങൾ എന്നിവർക്ക് കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു.

ബഹുമാനപ്പെട്ട കൗൺസിൽ അംഗങ്ങളുടെ ക്രിയാത്മകമായ ചർച്ചയിലൂടെ 2008–2009 പുതുക്കിയ ബഡ്ജറ്റും 2009–2010 വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുവേണ്ടി,

(ഒപ്പ്)
*വി.ജയപ്രകാശ്*
ഡെപ്യൂട്ടി മേയർ ആന്റ്
ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ്
കമ്മിറ്റി, തിരുവനന്തപുരം നഗരസഭ

തിരുവനന്തപുരം
28.02.2009

## 26.02.2009 –ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനം നമ്പർ – 1

വർഷാരംഭ മുന്നിരിപ്പ് **4,94,08,746/-** രൂപ ഉൾപ്പെടെ **239,96,80,809/-** രൂപ വരവും **220,81,79,654/-** രൂപ ചെലവും **19,15,01,155/-** രൂപ മിച്ചവുമുള്ള തിരുവനന്തപുരം നഗരസഭയുടെ **2008-09** വർഷത്തെ പുതുക്കിയ ബഡ്ജറ്റും, വർഷാരംഭ മുന്നിരിപ്പ് തുകയായ **19,15,01,155/-** രൂപയും തന്നാണ്ട് വരവ് **564,72,41,000/-** രൂപയും ഉൾപ്പെടെ ആകെ **583,87,42,155/-** രൂപ വരവും **569,30,75,980/-** രൂപ ചെലവും **14,56,66,175/-** രുപ മിച്ചവും പ്രതീക്ഷിക്കുന്നു. **11**–ാം പഞ്ചവത്സര പദ്ധതിയുടെ **3**–ാം വർഷമായ **2009-10** വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റും ബഹു. കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു കൊണ്ട് തീരുമാനിച്ചു.

(ഒപ്പ്)
**വി. ജയപ്രകാശ്**

ഡെപ്യൂട്ടി മേയർ ആന്റ് ചെയർമാൻ
ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി
തിരുവനന്തപുരം നഗരസഭ

## **02.03.2009 –ൽ കൂടിയ കൗൺസിൽ തീരുമാനം നമ്പർ– 3എ (1)**

വർഷാരംഭ മുന്നിരിപ്പ് **4,94,08,746/-** രൂപ ഉൾപ്പെടെ **239,96,80,809/-** രൂപ വരവും **220,81,79,654/-** രൂപ ചെലവും **19,15,01,155/-** രൂപ മിച്ചവുമുള്ള തിരുവനന്തപുരം നഗരസഭയുടെ **2008-09** വർഷത്തെ പുതുക്കിയ ബഡ്ജറ്റും, വർഷാരംഭ മുന്നിരിപ്പ് തുകയായ **19,15,01,155/-** രൂപയും തന്നാണ്ട് വരവ് **565,22,41,000/-** രൂപയും ഉൾപ്പെടെ ആകെ **584,37,42,155/-** രൂപ വരവും **574,13,40,560/-** രൂപ ചെലവും **10,24,01,595/-** രുപ മിച്ചവും പ്രതീക്ഷിക്കുന്ന **11**–ാം പഞ്ചവത്സര പദ്ധതിയുടെ **3**–ാം വർഷമായ **2009-10** വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

(ഒപ്പ്)
**സി. ജയൻബാബു**
മേയർ